"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആഭ്യന്തര വകുപ്പ് - പോലീസ് വകുപ്പ് - 2010ൽ ബഹു. ഇന്ത്യൻ പ്രസിഡന്റ് ആയിരുന്ന ശ്രീമതി. പ്രതിഭാ പാട്ടീൽ അവർകളുടെ കോട്ടയം സന്ദർശനത്തോടനുബന്ധിച്ച് വാഹനങ്ങൾ, ബോട്ടുകൾ എന്നിവ വാടകയ്ക്ക് എടുത്ത വകയിൽ ചെലവായ തുക അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആഭ്യന്തര (ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.4272/2025/HOME തീയതി,തിരുവനന്തപുരം, 10-12-2025

---

പരാമർശം:- സംസ്ഥാന പോലീസ് മേധാവിയുടെ 09.12.2021, 01.07.2024 തീയതികളിലെ എൻ5-182711/2019/പി.എച്ച്.ക്യു, 05.07.2025 ലെ എൻ4-64272/2025/പി.എച്ച്.ക്യു നമ്പർ കത്തുകൾ.

**ഉത്തരവ്**

2010-ൽ ബഹു. ഇന്ത്യൻ പ്രസിഡന്റ് ആയിരുന്ന ശ്രീമതി. പ്രതിഭാ പാട്ടീൽ 10.08.2010 മുതൽ 14.08.2010 വരെ കോട്ടയം സന്ദർശനം നടത്തിയതിനോടനുബന്ധിച്ച് വാഹനങ്ങൾ, ബോട്ടുകൾ എന്നിവ വാടകയ്ക്കെടുത്ത വകയിൽ ചെലവായ 2,71,815/- രൂപ അനുവദിക്കണമെന്നാവശ്യപ്പെട്ട് സംസ്ഥാന പോലീസ് മേധാവി പരാമർശിത കത്തുകൾ പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സംസ്ഥാന പോലീസ് മേധാവി ലഭ്യമാക്കിയ കത്തിലെ വിശദാംശങ്ങളുടെയും, ബന്ധപ്പെട്ട രേഖകളുടെയും അടിസ്ഥാനത്തിൽ, 2010-ൽ ബഹു. ഇന്ത്യൻ പ്രസിഡന്റ് ആയിരുന്ന ശ്രീമതി. പ്രതിഭാ പാട്ടീൽ അവർകളുടെ കോട്ടയം സന്ദർശനത്തോടനുബന്ധിച്ച് വാഹനങ്ങളും ബോട്ടും വാടകയ്ക്ക് എടുത്ത വകയിൽ ചെലവായ 2,71,815/- രൂപ (രണ്ട് ലക്ഷത്തി എഴുപത്തിയൊന്നായിരത്തി എണ്ണൂറ്റി പതിനഞ്ച് രൂപ മാത്രം) 2055-00-109-99-00-97 NV ശീർഷകത്തിലെ നിലവിലുള്ള ബജറ്റ് വിഹിതത്തിൽ നിന്നും അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

3) പ്രസ്തുത ശീർഷകത്തിലെ ബജറ്റ് വിഹിതം ചെലവഴിച്ച് കഴിയുന്ന മുറയ്ക്ക് ഇപ്പോൾ പ്രത്യേകാനുമതി നൽകുന്ന തുകയ്ക്കുള്ള അധിക ധനാനുമതി പ്രൊപ്പോസൽ സംസ്ഥാന പോലീസ് മേധാവി സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രാജീവ് മാത്യു
അണ്ടർ സെക്രട്ടറി

സംസ്ഥാന പോലീസ് മേധാവി, കേരളം, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്. (16.11.2025 ലെ വ്യയം-എ3/651/2024-ധന (2987650) പ്രകാരം)

ഡയറക്ടർ, ഐ&പിആർഡി. (വെബ് & ന്യൂ മീഡിയ).

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by

Divya R S

Date: 10-12-2025 12:51:10

സെക്ഷൻ ഓഫീസർ